**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3503** **26-06-2024 - ൽ മറുപടിയ്ക്ക്**

**ആധാരങ്ങൾ വ്യക്തികൾ സ്വയം തയ്യാറാക്കാൻ അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ആന്റണി രാജു | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | ആധാരങ്ങൾ വ്യക്തികൾക്ക് സ്വയം തയ്യാറാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോയെന്നറിയിക്കാമോ; | (എ) | സംസ്ഥാനത്ത് ആധാരങ്ങൾ വ്യക്തികൾക്ക് സ്വയം തയ്യാറാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 1960 -ലെ കേരള ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള 01.03.2016 തീയതിയിലെ IT.3-30120/2010 നമ്പർ നോട്ടിഫിക്കേഷനും, 1958 -ലെ കേരള രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 30 -ൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള 02.03.2016 തീയതിയിലെ IT.3-30120/2010 നമ്പർ നോട്ടിഫിക്കേഷനും 31.05.2016 തീയതിയിലെ 22 -ാം നമ്പർ ഗസറ്റിൽ പ്രസിദ്ധീകരിച്ചു കൊണ്ടാണ് സ്വന്തമായി ആധാരം എഴുതുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത സംവിധാനം പൊതുജനങ്ങൾ ഉപയോഗിക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ആധാരങ്ങൾ സ്വന്തമായി തയ്യാറാക്കി രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം നാളിതുവരെ 6463 പേർ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഇതു ആർക്കെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | (സി) | ആധാരങ്ങൾ സ്വന്തമായി തയ്യാറാക്കി രജിസ്റ്റർ ചെയ്യുന്നതിനു ബുദ്ധിമുട്ടുകൾ ഉള്ളതായി പരാതികളൊന്നും ലഭിച്ചിട്ടില്ല. സ്വയം ആധാരം തയ്യാറാക്കുന്നതിനായി സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി 19 ഇനം ആധാരങ്ങളുടെ മാതൃക തയ്യാറാക്കി രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മാതൃകാ ആധാരങ്ങൾ അടിസ്ഥാനമാക്കി ആധാരങ്ങൾ തയ്യാറാക്കുമ്പോൾ സ്വീകരിക്കേണ്ട നടപടി ക്രമങ്ങളും വ്യവസ്ഥകളും സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സ്വയം ആധാരം തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട സംശയ ദൂരീകരണത്തിനായി 8547344357 എന്ന നമ്പരിൽ ഒരു ഹെൽപ്പ് ഡെസ്ക് സൗകര്യവും പ്രവർത്തിക്കുന്നുണ്ട്. മാതൃകാ പ്രമാണങ്ങൾ ഉപയോഗിച്ച് ആധാരകക്ഷികൾ നേരിട്ട് തയ്യാറാക്കി |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുന്ന ആധാരങ്ങളുടെ കരട് രൂപം കക്ഷികൾ ആവശ്യപ്പെടുന്ന പക്ഷം പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ/ഉപദേശങ്ങൾ നൽകുന്നതിനും, ആധാരം തയ്യാറാക്കുമ്പോഴുണ്ടാകുന്ന സംശയങ്ങൾ പരിഹരിച്ചു നൽകുന്നതിനും എല്ലാ സബ് രജിസ്ട്രാർമാർക്കും നിർദ്ദേശവും നൽകിയിട്ടുണ്ട്. ആധാരത്തോടൊപ്പം രജിസ്ട്രേഷനുവേണ്ടി നിർബന്ധമായും ഹാജരാക്കേണ്ട ഫയലിംഗ് ഷീറ്റിന്റെ വലിപ്പം A3 യിൽ നിന്നും A4 ആയി രൂപ മാറ്റം വരുത്തിയിട്ടുമുണ്ട്. ഈ സൗകര്യം കൂടുതൽ വിപുലമാക്കുന്നതിനായി ആധാരവിവരങ്ങൾ കമ്പ്യൂട്ടറിലൂടെ നല്കിക്കൊണ്ട് ആധാരങ്ങൾ കമ്പ്യൂട്ടർ മുഖാന്തിരം തയ്യാറാക്കുന്നതിനുള്ള ടെംപ്ലേറ്റ് അധിഷ്ഠിത രജിസ്ട്രേഷൻ സൗകര്യം പരീക്ഷണ ഘട്ടത്തിലാണ്. |
| (ഡി) | പ്രസ്തുത സംവിധാനം സംബന്ധിച്ച് വ്യാപക പ്രചരണം നൽകുവാൻ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് അറിയിക്കാമോ? | (ഡി) | പ്രസ്തുത സംവിധാനം സംബന്ധിച്ച് വ്യാപക പ്രചരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ